പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ
ചോദ്യം നമ്പർ 2760

10-07-2015 ൽ മറുപടിക്ക്

## കാഞ്ഞങ്ങാട് കാർഷിക മേഖലയുടെ അടിസ്ഥാന വികസനം

ചോദ്യം

ശ്രീ.ഇ. ചന്ദ്രശേഖരൻ

ഉത്തരം

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയുടെ അടിസ്ഥാന വികസനം സാധ്യമാക്കുന്നതിനായി എം.എൽ.എ യുടെ നിർദ്ദേശ പ്രകാരം പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ;<br><br>ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) യും (ബി) യും | കൃഷി വകുപ്പിന്റെ കീഴിലുള്ള നിർവ്വഹണ ഏജൻസികളിലൊന്നും ഇത്തരത്തിൽ നിർദ്ദേശം ലഭിച്ചതായി കാണുന്നില്ല. എന്നാൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ ബളാൽ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട 600 ഹെക്ടർ പ്രദേശത്ത് കരളം-മാങ്കയം (വെള്ളരിക്കുണ്ട്) വാട്ടർഷെഡ് പദ്ധതിയ്ക്ക് RIDF XX -ൽ ഉൾപ്പെടുത്തി 195 ലക്ഷം രൂപയുടെ ഭരണാനുമതി മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ